**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.അനിഷ ബി. നായർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II, താലൂക്ക് ആസ്ഥാന ആശുപത്രി, പാമ്പാടി, കോട്ടയം - സഹതാപാർഹമായ പരിഗണന നൽകി കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.141/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 02/08/2021

---

പരാമർശം:-

1. സ.ഉ.(പി)നം.36/91/ഉ.ഭ.പ.വ. തീയതി 02/12/1991.
2. ശ്രീമതി.അനിഷ ബി. നായർ സമർപ്പിച്ച 29/01/2021 തീയതിയിലെ അപേക്ഷ.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 27/01/2021 തീയതിയിലെ DCKNR/12469/2016-ഡി3 നമ്പർ കത്ത്.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 16/02/2021 തീയതിയിലെ ഇ.എഫ്2/7102/2021/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ആയി 13/04/2020-ൽ കോട്ടയം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.അനിഷ ബി.നായർ, താനും ഭർത്താവും ഭിന്നശേഷിക്കാരാണെന്നും തന്റെ ഭർത്താവിന്റെ വീട് കണ്ണൂർ ജില്ലയിലെ മട്ടന്നൂർ ആയതിനാൽ രണ്ടര വയസ്സുള്ള തന്റെ മകൾക്ക് മാതാപിതാക്കളോടൊപ്പം ഒരുമിച്ച് കണ്ണൂരിൽ താമസിയ്ക്കുവാൻ കോട്ടയത്ത് നിന്നും മട്ടന്നൂരിലേയ്ക്കോ സമീപ ആശുപത്രിയിലേയ്ക്കോ സ്ഥലം മാറ്റം നല്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിയ്ക്കുകയുണ്ടായി.

ശ്രീമതി.അനിഷ ബി.നായർ തലശ്ശേരി താലൂക്ക് കോളാരി അംശം ദേശത്ത് കേളോത്ത് ഹൗസ്, മട്ടന്നൂർ എന്ന വിലാസത്തിൽ സ്ഥിരതാമസക്കാരിയാണ് എന്നും ടിയാരി സ്ഥിരമായ ബധിരതയുള്ളയാളും ഭർത്താവ് സ്ഥിരമായ ബധിരതയും മൂകതയുമുള്ളയാളാണെന്നും ഇവർക്ക് രണ്ടര വയസ്സുള്ള ഒരു മകൾ ഉണ്ടെന്നും ജോലി ആവശ്യാർത്ഥം കോട്ടയം ജില്ലയിൽ താമസിച്ചുവരുന്ന ടിയാരിയോടൊപ്പമാണ് മകളും താമസിച്ച് വരുന്നതെന്നും ഇവർക്കും കുട്ടിക്കും സഹായത്തിനായി കോട്ടയത്ത് ടിയാളുടെ 64 വയസ്സുള്ള മാതാവ് മാത്രമാണുള്ളതെന്നും ടിയാരിയും ഭർത്താവും ഭിന്നശേഷിക്കാരാകയാൽ രണ്ടര വയസ്സുള്ള മകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും മറ്റും അടുത്ത ബന്ധുക്കൾ ആരും തന്നെ ഇല്ലാത്തതിനാൽ കോട്ടയം ജില്ലയിലെ താമസം പ്രയാസകരമാണെന്നും കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് നിയമനം ലഭിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കേണ്ടതുണ്ട്. ശ്രീമതി.അനിഷ ബി. നായർ നിയമനം ലഭിച്ച ജില്ലയിൽ 5 വർഷം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, കോട്ടയം ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിലേയ്ക്കുള്ള സ്ഥലം മാറ്റത്തിനുള്ള ടിയാരിയുടെ അപേക്ഷ പരിഗണനാർഹമാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി.അനിഷ ബി. നായർ സമർപ്പിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറും പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.അനിഷ ബി. നായർക്ക്, ടിയാരി സ്ഥിരമായ ബധിരതയുള്ളയാളും ഭർത്താവ് സ്ഥിരമായ ബധിരതയും മൂകതയുമുള്ളയാളാകയാലും, കുടുംബം കണ്ണൂരിൽ സ്ഥിരതമാസമായതിനാലും രണ്ടര വയസ്സുള്ള മകളുടെ സംരക്ഷണത്തിന് കുടുംബാംഗങ്ങളുടെ സഹായം ഉറപ്പുവരുത്തുന്നതിനായി സഹതാപാർഹമായ പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അന്തർജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

ടിയാൾക്ക് അനുയോജ്യമായ നിയമനം നല്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജൻ നാംദേവ് ഖൊബ്രഗഡെ

പ്രിൻസിപ്പൽ സെക്രട്ടറി

***പകർപ്പ്:-***

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോട്ടയം/കണ്ണൂർ.

ശ്രീമതി.അനിഷ ബി. നായർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II, താലൂക്ക് ആസ്ഥാന ആശുപത്രി, പാമ്പാടി, കോട്ടയം. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.*(ഈ ഉത്തരവ് കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

പൊതുഭരണ (എസ്.സി.)വകുപ്പ് *(ഇനം നം.149 തീയതി 28/07/2021 പ്രകാരം)*

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-07-2021**

ഫയൽ നം. എച്ച്2/41/2021-ഹെൽത്ത്. ഇനം നം: 149

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ശ്രീമതി. അനിഷ ബി നായർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന് സഹതാപാർഹമായ പരിഗണന നൽകി കണ്ണൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമവകുപ്പ്.

Pl. Issue order

Rajan
29.7.2021

AS

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച് 2/41/2021-ഹെൽത്ത്- |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ് |
| 3 | വിഷയം | | ശ്രീമതി.അനിഷ. ബി. നായർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 ന് സഹതാപാർഹമായ പരിഗണന നൽകി കണ്ണൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതു സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/06/2021 |
| | i) ഈ വിഷയം സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതാണോ ? | : | അല്ല |
| | ii) ഉണ്ടെങ്കിൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടോ? അവരുടെ അഭിപ്രായം യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.നന്ദകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖോബ്രഗഡേ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.07.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.07.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.07.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 28.07.2021 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ(കൈ)നം- 141/2021/ആകുവ<br>തീയതി - 02/08/2021 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. അനിഷ. ബി. നായർക്ക് സഹതാപാർഹമായ പരിഗണന നൽകി കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ആയ ശ്രീമതി. അനിഷ. ബി. നായരും,, ഭർത്താവും ബധിരതയുള്ളവരാണെന്നും ഭർത്താവിന്റെ വീട് കണ്ണൂർ ജില്ലയിലെ മട്ടന്നൂർ ആയതിനാൽ രണ്ടര വയസ്സുള്ള തന്റെ മകൾക്ക് മാതാപിതാക്കളോടൊപ്പം ഒരുമിച്ച് കണ്ണൂരിൽ (മട്ടന്നൂർ) താമസിയ്ക്കുവാൻ കോട്ടയത്ത് നിന്നും മട്ടന്നൂരിലേയ്ക്കോ സമീപ ആശുപത്രിയിലേയ്ക്കോ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം അപേക്ഷിച്ചിരിക്കുന്നു.

3. ശ്രീമതി. അനിഷ. ബി. നായർ എന്ന അപേക്ഷക വിവാഹിതയായതിനു ശേഷം തലശ്ശേരി താലൂക്ക് കോളാരി അംശം ദേശത്ത് കോളോത്ത് ഹൗസ്, മട്ടന്നൂർ എന്ന വിലാസത്തിൽ സ്ഥിരതാമസക്കാരിയാണെന്നും ടിയാളുടെ ഭർത്താവ് വിനോദ് കുമാർ കെ.പി ജനനം മുതൽ മേൽപ്പറഞ്ഞ വിലാസത്തിൽ

സ്ഥിരതാമസക്കാരനാണെന്നും നേരത്തെ ചെന്നൈയിൽ സ്വകാര്യ ബാങ്കിൽ ജോലി ചെയ്തിരുന്ന ടിയാൻ നിലവിൽ നാട്ടിൽ കൃഷി ചെയ്ത വരുന്നുവെന്നും അപേക്ഷകയും ഭർത്താവും ജന്മനാ മൂകരാണെന്നും ഇവർക്ക് രണ്ടര വയസ്സുള്ള ഒരു മകൾ ഉണ്ടെന്നും ജോലി ആവശ്യാർത്ഥം കോട്ടയം ജില്ലയിൽ താമസിച്ചുവരുന്ന ഹർജിക്കാരിയോടൊപ്പമാണ് മകളും താമസിച്ച് വരുന്നതെന്നും ഇവർക്കും കുട്ടിക്കും സഹായത്തിനായി കോട്ടയത്ത് ടിയാളുടെ 64 വയസ്സുള്ള മാതാവ് മാത്രമാണുള്ളതെന്നും പ്രായാധിക്യത്തിന്റെ പ്രയാസങ്ങൾ അവർ നേരിടുന്നുണ്ടെന്നും അപേക്ഷകയും ഭർത്താവും ഒരു പോലെ മൂകരായതിനാൽ രണ്ടര വയസ്സുള്ള മകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും മറ്റും അടുത്ത ബന്ധുക്കൾ ആരും തന്നെ ഇല്ലാത്തതിനാൽ കോട്ടയം ജില്ലയിലെ താമസം പ്രയാസകരമാണെന്നും മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിലേക്കുള്ള അന്തർജില്ലാ സ്ഥലം മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ശ്രീമതി. അനിഷ. ബി. നായർ സമർപ്പിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

5. അപേക്ഷകയും ഭർത്താവും മൂകരാണെന്നാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത് എന്നാൽ അപേക്ഷയോടൊപ്പം ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ നിന്നും ശ്രീമതി. അനിഷ ബി. നായർ സ്ഥിരമായ ബധിരതയുള്ളയാളും ഭർത്താവ് സ്ഥിരമായ ബധിരതയും മൂകതയുള്ളയാളുമാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

6. 02/12/1991 ലെ ജി.ഒ(പി) നം 36/91/പി & എ.ആർ.ഡി ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ജില്ലയിൽ 5 വർഷം പൂർത്തിയായതിനു ശേഷം മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുള്ളൂ. ഇവിടെ അപേക്ഷക നിയമനം ലഭിച്ച ജില്ലയിൽ 5 വർഷം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിന് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ മന്ത്രിസഭയുടെ അനുമതിയോടെ സ്ഥലം മാറ്റം അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

7. ശ്രീമതി. അനിഷ. ബി. നായർ സ്ഥിരമായ ബധിരതയുള്ളയാളും ഭർത്താവ് സ്ഥിരമായ ബധിരതയും മൂകതയുമുള്ളയാളുമാകയാൽ രണ്ടര വയസുള്ള മകളുടെ സംരക്ഷണത്തിന് കുടുംബാംഗങ്ങളുടെ സഹായം ലഭ്യമാക്കുന്നതിനായി ശ്രീമതി. അനിഷ ബി നായരുടെ സ്ഥലമാറ്റത്തിനുള്ള അപേക്ഷ അനുഭാവ പൂർണ്ണമായി പരിഗണിയ്ക്കാവുന്നതാണ്.

8. ശ്രീമതി. അനിഷ. ബി. നായർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള കുറിപ്പ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. അനിഷ. ബി. നായർ ബധിരയും ഭർത്താവ് ബധിരനും മൂകനും, കുടുംബം കണ്ണൂരിൽ സ്ഥിരതാമസവുമാകയാൽ ടിയാളുടെ രണ്ടര വയസുള്ള മകളുടെ സംരക്ഷണത്തിന് കുടുംബാംഗങ്ങളുടെ സഹായം ഉറപ്പുവരുത്തുന്നതിനായി സഹതാപാർഹമായി പ്രത്യേക കേസായി പരിഗണിച്ച് കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകാമോ ?